കാലിക്കറ്റ് സർവ്വകലാശാല

ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

74246/DOA-ASST-6/2025/Admn (I) 21.05.2025

പത്രക്കുറിപ്പ്

അഫ്സൽ ഉൽ ഉലമ (പ്രിലിമിനറി) കോഴ്സ് പ്രവേശനം 2025

കാലിക്കറ്റ് സർവ്വകലാശാല 2025-26 അധ്യയന വർഷത്തിലേക്കുള്ള അഫ്സൽ -ഉൽ -ഉലമ (പ്രിലിമിനറി) കോഴ്സിലേക്കുള്ള (പ്ലസ് ടു ഹ്യൂമാനിറ്റീസ് തത്തുല്യ കോഴ്സ്) ഓൺലൈൻ റെജിസ്ട്രേഷൻ ആരംഭിച്ചു . അപേക്ഷിക്കാനുള്ള അവസാനതിയ്യതി 05.06.2025.

അപേക്ഷ ഫീസ്

SC/ST 205/ - രൂപ, മറ്റുള്ളവർ 495/- രൂപ

ഓൺലൈൻ അപേക്ഷ സമർപ്പണത്തിന്റെ ആദ്യ ഘട്ടത്തിൽ CAP ID യും പാസ്സ്വേർഡും മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നതിന് വേണ്ടി അപേക്ഷകർ http://admission.uoc.ac.in/Afzal Ul Ulama (Preliminary)/ -Apply Now എന്ന ലിങ്കിൽ അവരുടെ അടിസ്ഥാന വിവരങ്ങൾ നൽകേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ തുടക്കത്തിൽ മൊബൈൽ ഫോൺ നമ്പർ ശരിയായി നൽകാത്തതിനാൽ CAP ID, സെക്യൂരിറ്റി കീ എന്നിവ ലഭ്യമാകാത്ത സാഹചര്യം ഒഴിവാക്കുന്നതിനായി മൊബൈൽ ഫോൺ നമ്പർ ഓ ടി പി (One Time Password) വെരിഫിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്. ആയതിനാൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ അവരുടേതോ, അല്ലെങ്കിൽ രക്ഷിതാവിന്റെയോ മൊബൈൽ ഫോൺ നമ്പർ മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് നൽകാവൂ. തുടർന്ന് മൊബൈൽ ഫോണിൽ ലഭിച്ച CAP ID യും പാസ്സ്വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത അപേക്ഷ പൂർത്തീകരിക്കേണ്ടതാണ്.

അപേക്ഷ ഫീസ് അടച്ചതിനു ശേഷം പ്രിന്റൗട്ട് എടുക്കേണ്ടതാണ്, പ്രിന്റൗട്ട് എടുക്കുന്നതോടെ മാത്രമേ അപേക്ഷ പൂർണ്ണമാവുകയുള്ളൂ. ശേഷം എന്തെങ്കിലും തിരുത്തലുകൾ വരുത്തുന്നതിന് വേണ്ടി Edit സൗകര്യം ഉപയോഗിക്കുന്നവർ വീണ്ടും വിവരങ്ങൾ നൽകി അപേക്ഷ പൂർത്തീകരിച്ച പുതിയ പ്രിന്റൗട്ട് എടുക്കേണ്ടതാണ്, അല്ലാത്ത പക്ഷം അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്താകുന്നതാണ്. പ്രിന്റൗട്ട് സർവ്വകലാശാലയിലേക്ക് അയക്കേണ്ടതില്ല.

രജിസ്ട്രേഷനും, പ്രവേശന വിജ്ഞാപനത്തിനും, പ്രോസ്പെക്ടസിനും http://admission.uoc.ac.in കാണുക.

ഫോൺ : 0494 2407016, 2407017, 2660600

Dr. Sebastian C. D.

Director, DoA

To

പബ്ലിക് റിലേഷൻസ് ഓഫീസർ (എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)